**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 51** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഗുണ്ടാ ലഹരി മാഫിയാ സംഘങ്ങളെ നിയന്ത്രിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. കല്ലട്ര മാഹിൻ

ശ്രീമതി ഫാത്തിമ തഹിലിയ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഗുണ്ട, ലഹരി, മാഫിയാ സംഘങ്ങൾ അഴിഞ്ഞാട്ടുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് ഗൗരവമായി പരിശോധിക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ഗുണ്ടാ/ലഹരി മാഫിയ അതിക്രമങ്ങൾ തടയുന്നതിന് സംസ്ഥാന പോലീസ്, ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഉത്തര മേഖലാ ഐ.ജി.പി. - യെ ഓപ്പറേഷൻ ഡി-ഹണ്ടിന്റെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ലഹരി ഉപയോഗിക്കുന്നവർ, ആയത് കൈവശം വയ്ക്കുന്നവർ, വിൽപ്പന നടത്തുന്നവർ എന്നിങ്ങനെ ഉള്ളവരുടെ പ്രത്യേക പട്ടിക തയ്യാറാക്കി നിരീക്ഷിച്ചു വരികയും ജില്ലകളിലെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന്, സംസ്ഥാനത്തിന്റെ ക്രമസമാധാന ചുമതലയുള്ള ADGP യുടെ ഓഫീസിൽ ANTF ടീമിനെ 24x7 ക്രമത്തിൽ പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. മയക്കുമരുന്ന് വ്യാപാരം നടത്തി ക്രൈം കേസുകളിൽ ഉൾപ്പെട്ടവരുടെ പ്രത്യേകം പട്ടിക തയ്യാറാക്കുകയും ഇത്തരം കുറ്റകൃത്യം ചെയ്യുന്നതിൽ ആവർത്തന സ്വഭാവം കാണിക്കുന്നവരുടെ പേരിൽ PIT NDPS, KAAPA, BNSS മുതലായ നിയമങ്ങളിൽ പ്രതിപാദിക്കുന്ന മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ജില്ലകൾ കേന്ദ്രീകരിച്ച് Narcotic Cell ACP/DySP മാരുടെ നേതൃത്വത്തിൽ DANSAF രൂപീകരിച്ച് ലഹരി വിപണനം തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് മയക്കുമരുന്നുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയിക്കുന്നതിനായി National Narcotics Helpline നമ്പരായ (Toll Free) 1933, ക്രമസമാധാന ചുമതലയുള്ള ADGP യുടെ ഓഫീസിൽ പ്രവർത്തിച്ചുവരുന്ന Anti Narcotic Task Force വിഭാഗത്തിന്റെ WhatsApp നമ്പരായ 9995966666 എന്നിവ 24x7 ക്രമത്തിൽ പ്രവർത്തിക്കുന്നുണ്ട്.

**(ബി)** ഇത്തരം സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി പോലീസ് ഇന്റലിജൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുമോ; വിശദാംശം നൽകുമോ;

**<u>മറുപടി:</u>** ഗുണ്ട ലഹരി മാഫിയാ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പോലീസ് ഇന്റലിജൻസ് വിഭാഗം കൃത്യമായി നിരീക്ഷിച്ചു വരുന്നതും, ഗുണ്ടാ ലഹരി മാഫിയ സംഘങ്ങളെ സംബന്ധിച്ച രഹസ്യ

വിവരങ്ങൾ കൃത്യമായി ശേഖരിച്ച് ഇത്തരം സംഘങ്ങളെ അമർച്ച ചെയ്യുന്നതിനും, നിയന്ത്രിക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഡാൻസാഫ്, നാർക്കോട്ടിക് സെൽ തുടങ്ങിയ വിഭാഗങ്ങൾക്ക് കൈമാറി അവർക്കെതിരെ നിയമനടപടി ഉറപ്പുവരുത്തുന്നു. വിവിധ ഏജൻസികളുടെ (GANDIVA, ICJS, NCORD പോലുള്ള Web portals) ഏകോപനത്തിലൂടെ ഇത്തരം സംഘങ്ങളെ വേഗത്തിൽ കണ്ടെത്തുന്നതിന് സാധിക്കുന്നു. കുറ്റവാളികളുടെ സാമൂഹ്യമാധ്യമ അക്കൗണ്ടുകൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും വേണ്ട വിവരങ്ങൾ ഉടനടി ലോക്കൽ പോലീസിനെ അറിയിക്കുക വഴി പ്രതികൾക്ക് ശിക്ഷ ഉറപ്പുവരുത്തുന്നതിൽ സംസ്ഥാന ഇന്റലിജൻസ് വിഭാഗം പ്രധാന പങ്കുവഹിക്കുന്നുണ്ട്. പോലീസ് ഇന്റലിജൻസ് വിഭാഗത്തിന്റെ സമഗ്രമായ നിരീക്ഷണങ്ങളിലൂടെ ക്രിമിനൽ പ്രവർത്തികൾ നിയന്ത്രിക്കാനും, നീതിന്യായ വ്യവസ്ഥയുടെ സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കാനും സാധിക്കുന്നുണ്ട്.

**(സി)** ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരംക്ഷണം നൽകുന്നതിനും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

**മറുപടി:** ഗുണ്ടാ സംഘങ്ങളുടെയും സംഘടിത കുറ്റകൃത്യ സംഘങ്ങളുടെയും പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനുമായി പ്രത്യേക പോലീസ് പരിശോധനകൾ, രഹസ്യാന്വേഷണ പ്രവർത്തനങ്ങളുടെ ശാക്തീകരണവും ഓപ്പറേഷൻ ഡി-ഹണ്ടിലൂടെ മയക്കുമരുന്ന് കേസുകളിൽ കർശന നടപടി, സംഘടിത കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ BNS നിയമപ്രകാരം ശക്തമായ നിയമ നടപടികളും സ്വീകരിച്ചു വരുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാൻ സാധ്യതയുള്ളവർക്കെതിരെ കാപ്പാ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നു. ഗുണ്ടാ, ലഹരി കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ കണ്ടെത്തുന്നതിന് വിപുലമായ റെയ്ഡുകളും രഹസ്യ നിരീക്ഷണങ്ങളും ശക്തമാക്കിയിട്ടുണ്ട്.

Dark Web മുതലായ online network കളിലൂടെ ലഹരികടത്ത് സാധ്യമാകുന്നതിനാലും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ലഹരി കടത്തുന്നതിന് നൂതന മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനാലും ഇത്തരത്തിലുള്ള ലഹരി വില്പന തടയുന്നതിന് സൈബർ പട്രോളിംഗ് ഉൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**